## കവിത



■ കാരൂർ സോമൻ

# മേഘമൽഹാർ

മാവുകൾ പൂക്കുന്നില്ല
പൂവുകൾ പുഷ്പിക്കുന്നില്ല
മധുവൊഴിഞ്ഞകലെയതാ
അവന്തിയിലെ മധുപാത്രം

മഴ തളിർക്കുന്നില്ലയിവിടെയാ-
മരക്കൊമ്പിലുറുമ്പുകൾ
അയവിറക്കയതറിയാതെ
മഴമുഴക്കിയൊരു മഴുവെറിഞ്ഞു

വംശിയിലും കോസലത്തിലും
കാശിയിലും കുരുമഗധകളിലും
പാഞ്ചാലയിലും സുരസേനയിലും
മഴയൊഴിഞ്ഞയാനാളിൽ

മഴയ്ക്കായിയുറക്കെ റബാബിലൊരു
പാട്ടൊരുക്കിയ മേഘമായിതാ ഞാൻ
ഗ്വാളിയോറിലൊരു ദ്രുപദയിൽ

